പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 415 06.02.2013 ൽ മറുപടിയ്ക്ക്

## പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ മന്ത്രി) |
| (എ) പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതി ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നതെന്നും വ്യക്തമാക്കുമോ; | (എ) ഉണ്ട്. പദ്ധതിയുടെ സ്ഥാപിതശേഷി 6 മെഗാവാട്ടും വാർഷിക ഉല്പാദന ശേഷി 24.7 ദശലക്ഷം യൂണിറ്റുമാണ്. |
| (ബി) പ്രസ്തുത പദ്ധതിക്ക് ഭൂമി ഏറ്റെടുക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) ഇതിന്റെ സർവ്വേ, പ്രോജക്ട് പ്ളാൻ, ഭൂമി പരിശോധന എന്നിവ എപ്പോഴാണ് പൂർത്തീകരിച്ചത്;<br>(ഡി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; എങ്കിൽ എന്താണ് തടസ്സമെന്നും ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്നും വ്യക്തമാക്കുമോ? | (സി) & (ഡി) പ്രസ്തുത പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് 2010 ഒക്ടോബറിൽ പൂർത്തീകരിച്ചെങ്കിലും ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് പരിസരവാസികളിൽ നിന്നും പ്രദേശത്തുള്ള ക്രിസ്ത്യൻ പള്ളി അധികാരികളിൽ നിന്നും ചില തടസ്സവാദങ്ങൾ ഉണ്ടായി. ഈ തടസ്സങ്ങൾ പരിഹരിക്കുന്നതിനും, കൂടാതെ പദ്ധതി മൂലം പി.ഡബ്ലിയു.ഡി റോഡിലുള്ള പാലത്തിന്റെ പുനർ നിർമ്മാണം, ജലസേചന വകുപ്പിന്റെ അക്വാഡക്റ്റിൽ വരാവുന്ന കേടുപാടുകൾ തുടങ്ങിയവ പരിഗണിച്ചും പവർ |

...2

ഹൗസിന്റേയും ടണലിന്റേയും സ്ഥാനം മാറ്റേണ്ടതായി വന്നിട്ടുണ്ട്. പുതുതായി ഉദ്ദേശിക്കുന്ന പാതയിലൂടെയുള്ള സർവ്വേ, ഭൂമി പരിശോധന, മണ്ണ് പരിശോധന, പാറപൊട്ടിക്കുമ്പോൾ പെരുവണ്ണാമൂഴി ഡാമിനും സമീപസ്ഥ വീടുകൾക്കും ഉണ്ടാകാവുന്ന പ്രകമ്പനങ്ങളുടെ പഠനം എന്നിവ 2012 ഡിസംബർ മാസത്തോടെ പൂർത്തീകരിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ പദ്ധതി രൂപകല്പന നടന്നു വരുന്നു.

ഈയിടെ ഉദ്ഘാടനം ചെയ്യപ്പെട്ട പെരുവണ്ണാമൂഴി സി.ആർ.പി.എഫ് ക്യാമ്പിനായി കണ്ടെത്തിയ ജലസേചന വകുപ്പിന് കീഴിലുള്ള 80 ഏക്കർ സ്ഥലത്താണ് പദ്ധതി യ്ക്കാവശ്യമായ 3.50 ഹെക്ടർ ഭൂമി ഉൾക്കൊള്ളുന്നത്. ആയതിനാൽ, പദ്ധതിയ്ക്കാവശ്യമായ ഭൂമി ഒഴിച്ച് മാത്രം സി.ആർ.പി.എഫ് ക്യാമ്പിനായി ഭൂമി കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ